# Mathrubhumi

# 22 August 2018

# Kerala, After Flood, Flood Victims

## മഹാ പ്രളയത്തിനു ശേഷം ജീവിതത്തിലേക്ക് തിരിച്ചുവരികയാണ് നാട്. കാത്തിരിക്കുന്നത് നെഞ്ചുപിളർക്കുന്ന കാഴ്ചകളാണ്. അതിനിടയിലും ഓരോരുത്തരും വാരിയെടുക്കാൻ ശ്രമിക്കുകയാണ്; ഇന്നലെകളെ....

സിറാജ് കാസിം
sirajkasim2000@gmail.com

പ്രളയജലം കൈക്കുടന്നയിൽ കോരിയെടുത്ത് വിലാസൻ ആദ്യം തളിച്ചത് രണ്ട് ഫോട്ടോകളിലേക്കായിരുന്നു. ചെളിയിൽ മൂടിക്കിടന്നിരുന്ന ഭഗവാൻ ഉണ്ണികൃഷ്ണന്റെ ഫോട്ടോയും പേരക്കുട്ടിയായ രണ്ടു വയസ്സുകാരൻ കൃഷ്ണദേവിന്റെ ഫോട്ടോയും പ്രളയജലത്തിൽ കഴുകിയെടുക്കുമ്പോൾ വിലാസൻ വിളിച്ചതും ആ പേരു തന്നെയായിരുന്നു... "എന്റെ കൃഷ്ണാ..." പ്രളയജലത്തിൽ മൂടിപ്പോയ തന്റെയും കുടുംബത്തിന്റെയും ജീവിതം തിരികെപ്പിടിക്കാൻ കൃഷ്ണഭഗവാനെയല്ലാതെ മറ്റാരെയും വിളിച്ച് വിലാസന് കരയാനുണ്ടായിരുന്നില്ല. പ്രളയത്തിന്റെ ബാക്കിപത്രമായ ചെളിയിൽ മൂടിക്കിടക്കുന്ന വീട് വൃത്തിയാക്കിയ ശേഷം വിലാസൻ ആദ്യം ആഗ്രഹിക്കുന്നതും ഒന്നു മാത്രം...ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന പേരക്കുട്ടി കൃഷ്ണദേവിനെ എത്രയും പെട്ടെന്ന് വീട്ടിലേക്ക് മടക്കിക്കൊണ്ടുവരണം. വെള്ളവും വെളിച്ചവുമില്ലാത്ത വീട് എങ്ങനെ വൃത്തിയാക്കിയെടുക്കുമെന്നോ, എപ്പോഴാകും ശുചീകരണ ജോലികൾ തീരുന്നതെന്നോ ഒന്നും വിലാസന് അറിയില്ല. ഉത്തരമില്ലാത്ത ഒരുപാട് ചോദ്യങ്ങൾ മുന്നിലെത്തുമ്പോഴും വിലാസന്റെ കാലുകൾ ചെളിയിൽ പുതഞ്ഞുതന്നെയാണ് നിന്നിരുന്നത്.

***************************

മാഞ്ഞാലി തേലത്തുരുത്തിലെ വഴികളിലൂടെ സഞ്ചരിക്കുമ്പോഴാണ് കത്തനാപറമ്പിൽ വിലാസൻ എന്ന 65-കാരനെ കണ്ടുമുട്ടിയത്. വീടിനകത്തെ പ്രളയജലം ഇറങ്ങിയെങ്കിലും മുറ്റത്ത് കാൽമുട്ടോളം വെള്ളം ബാക്കിയുണ്ട്. വീടിനകത്തെ സാധനങ്ങളെല്ലാം പുറത്തേക്ക് വാരിയിട്ട് പ്രളയജലത്തിൽ കഴുകിയെടുക്കുന്ന തിരക്കിലായിരുന്നു വിലാസനും മക്കളും. "ബുധനാഴ്ച വെള്ളം കയറാൻ തുടങ്ങിയതോടെ ഞങ്ങൾ വീട്ടിൽ നിന്ന് ഇറങ്ങിയതാണ്. ഞാനും ഭാര്യയും അടുത്തുള്ള ദുരിതാശ്വാസ ക്യാമ്പിലേക്ക് പോയപ്പോൾ മക്കൾ അകലെയുള്ള ബന്ധുവീട്ടിലേക്കാണ് പോയത്. എട്ടടി പൊക്കത്തിൽ വെള്ളം കയറിയ വീടാണിത്. ഇപ്പോൾ തിരിച്ചെത്തി നോക്കുമ്പോൾ വീട്ടിൽ നശിക്കാത്തതായി ഒരു സാധനം പോലുമില്ല. റേഷൻ കാർഡും ആധാർ കാർഡും ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും വീട്ടുസാധനങ്ങളും ഒക്കെ പോയി മോനേ. അതിനെക്കാൾ വലിയ സങ്കടവും ദുരിതവും ഈ വീട്ടിൽ നിറഞ്ഞ ചെളി കാണുമ്പോഴാണ്. ഇതെങ്ങനെ വൃത്തിയാക്കിയെടുക്കുമെന്ന് എനിക്കറിയില്ല. മാലിന്യം നിറഞ്ഞ് കിണർ ആകെ വൃത്തികേടായി. കറന്റില്ലാത്തതിനാൽ വീടിനകത്ത് ഒരുതരി വെട്ടമില്ല. വീട് വൃത്തിയാക്കിയ ശേഷം വേണം മരുമകളെയും പേരക്കുട്ടിയെയും തിരികെ വിളിച്ചുകൊണ്ടുവരാൻ. എനിക്കറിയില്ല മോനേ എന്താണ് ചെയ്യേണ്ടതെന്ന്..." ചെളിപുരണ്ട ജീവിതത്തിന്റെ കൃത്യമായ അടയാളം തന്നെയായിരുന്നു വിലാസന്റെ വാക്കുകൾ

**************************

പ്രളയജലത്തിലേക്കാണ് ജ്യോത്സ്നയുടെ കണ്ണീർ തുളുമ്പിവീണുകൊണ്ടിരുന്നത്. ചെളിയിൽ മുങ്ങിയ പാത്രങ്ങളും ഭക്ഷണ ടിന്നുകളും കഴുകിയെടുക്കുമ്പോഴും ജ്യോത്സ്ന കരഞ്ഞുകൊണ്ടേയിരുന്നു. പ്രളയം ഒഴുകിത്തീരാത്ത വഴികൾ താണ്ടി കുന്നുകര ചാലാക്കയിലെത്തുമ്പോഴാണ് കണക്കന്റപള്ളം ജ്യോത്സ്നയെ കണ്ടുമുട്ടിയത്. "ഞങ്ങളുടെ ജീവിതം തകർന്നു. ദാ, നോക്കൂ... ഈ വീട്ടിൽ ഇനിയെന്താണ് നശിക്കാതെ ബാക്കിയുള്ളതെന്ന്. വെള്ളം കയറിയ വീട്ടിൽ എല്ലാം ചെളിയിൽ പുതഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ ബുധനാഴ്ചയാണ് ഞങ്ങൾ ഈ വീട് വിട്ടിറങ്ങിയത്. വീട്ടിലേക്ക് വെള്ളം കയറിവരുന്നത് കണ്ട സമീപത്തെ വലിയ ആശുപത്രിയിലേക്കാണ് ഞങ്ങൾ പോയത്. ആശുപത്രിയുടെ മൂന്നാം നിലയിലാണ് ഞങ്ങൾ അഭയം തേടിയത്. ആദ്യ ദിവസം ഭക്ഷണത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. എന്നാൽ അതിനടുത്ത ദിവസങ്ങളിൽ ഭക്ഷണത്തിനും കുടിവെള്ളത്തിനും വല്ലാതെ ബുദ്ധിമുട്ടി. ഇപ്പോൾ തിരിച്ചെത്തിയപ്പോൾ ഞങ്ങൾ നേരിടുന്ന വലിയ പ്രശ്നം ചെളിയും കുടിവെള്ളവുമാണ്. ചെളി മാറ്റി എങ്ങനെ ഈ വീട് വൃത്തിയാക്കിയെടുക്കുമെന്ന് എനിക്കറിയില്ല. കുടിക്കാനാണെങ്കിൽ ഒരു തുള്ളി വെള്ളം പോലും ഇവിടില്ല. വെള്ളമിറങ്ങിക്കഴിഞ്ഞാലും ഈ മേഖലയിൽ കുടിവെള്ളം വരുന്നത് എപ്പോഴാണെന്ന് ആർക്കറിയാം..." സംസാരിക്കുമ്പോഴും ജ്യോത്സ്ന കരയുകയായിരുന്നു.

***************************

പ്രളയജലത്തിൽ ഒഴുകിനടക്കുന്ന നോട്ടുകൾ പെറുക്കിക്കൂട്ടുന്നതിനിടയിലാണ് ചാലാക്ക വലിയവീട്ടിൽ അലി എന്ന 63-കാരനെ കണ്ടുമുട്ടിയത്. പ്രളയജലം കുറഞ്ഞതോടെ വീട്ടിൽ തിരിച്ചെത്തിയ അലി ആദ്യം പരതിയത് മേശയിൽ സൂക്ഷിച്ചിരുന്ന അൽപ്പം പണമാണ്. തട്ടുകട നടത്തുന്ന അലിക്ക് കച്ചവടത്തിൽനിന്ന് സ്വരുക്കൂട്ടിയ ആ ചെറിയ തുക നഷ്ടപ്പെടുന്നതിനെക്കുറിച്ച് ആലോചിക്കാൻ പോലുമാകില്ല. "കഷ്ടപ്പെട്ട് ജോലി ചെയ്ത് ഉണ്ടാക്കിയ പണമാണ് മോനേ പോയത്. ഹൃദ്രോഗിയായ എനിക്ക് ചികിൽസയ്ക്കുതന്നെ നല്ലൊരു തുക വേണം.

പലപ്പോഴും പണമില്ലാത്തതുകൊണ്ട് ചികിൽസ നടക്കാറില്ല. കഴിഞ്ഞയാഴ്ച തട്ടുകടയിലെ കച്ചവടത്തിൽ നിന്ന് കിട്ടിയ കുറച്ച് തുക വീട്ടിലുണ്ടായിരുന്നു. പ്രളയജലം കയറിയതോടെ ഞാനും മകളും കുടുംബവും വീടും വിട്ട് രക്ഷപ്പെടുകയായിരുന്നു. പ്രളയജലം വരുന്നത് കണ്ടതോടെ ഉടുതുണിയല്ലാതെ മറ്റൊന്നും അപ്പോൾ എടുക്കാൻ പറ്റുമായിരുന്നില്ല. മകളും കുടുംബവും ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പിൽ തന്നെയാണ്.

ഇപ്പോൾ ഞാൻ തിരിച്ചെത്തി നോക്കുമ്പോൾ വീട്ടിൽനിന്ന് വെള്ളമിറങ്ങി തീർന്നിട്ടില്ല. വെള്ളമിറങ്ങിയാലും വീടാകെ ചെളിയായിരിക്കുമെന്ന് ഉറപ്പാണ്. എനിക്കറിയില്ല എന്താണ് ചെയ്യേണ്ടതെന്ന്..." സംസാരിക്കുമ്പോഴും അലി വെള്ളത്തിലെ ചെളിയിൽ ഏതെങ്കിലും നോട്ട് പുതഞ്ഞുകിടക്കുന്നുണ്ടോയെന്ന് തപ്പുകയായിരുന്നു.

****************

പെരുമ്പാവൂർ മഞ്ഞപ്പെട്ടിയിലെത്തുമ്പോൾ പരീത് എന്ന 66-കാരനും ഭാര്യ ഫാത്തിമയും വീട് വൃത്തിയാക്കുന്ന തിരക്കിലായിരുന്നു. ഹൃദ്രോഗിയായ പരീത് വെള്ളം മുക്കിയെടുത്ത് കൊണ്ടുവരുമ്പോൾ ഫാത്തിമ സ്നേഹപൂർവം ശാസിച്ചു... "നിങ്ങൾക്ക് സുഖമില്ലാത്തതല്ലേ... വെള്ളം ചുമന്ന് ഇനിയും അസുഖം വന്നാലോ..." ഭാര്യയുടെ വാക്കുകൾ കേൾക്കുമ്പോഴും പരീത് ജോലി തുടർന്നുകൊണ്ടിരുന്നു. "എനിക്ക് സുഖമില്ല എന്നത് നേരാണ്. പക്ഷേ അതോർത്തിരുന്നാൽ ഈ വീട് ആരു വൃത്തിയാക്കും. എല്ലാം അവൾക്ക് ഒറ്റയ്ക്ക് ചെയ്യാനാകില്ല. ദാ നിങ്ങൾ നോക്കൂ...ഒരാൾപ്പൊക്കത്തിൽ വെള്ളം പൊങ്ങിയ വീടാണിത്. ഇത് വൃത്തിയാക്കിയെടുക്കണമെങ്കിൽ വലിയ ജോലി വേണ്ടി വരും. ആരെയെങ്കിലും സഹായത്തിന് വിളിച്ചാലും വരാനില്ല. എല്ലാവരും അവരവരുടെ വീടുകൾ വൃത്തിയാക്കുന്ന ജോലിയിലല്ലേ..." സംസാരത്തിനിടയിൽ പരീത് കൈയിലിരുന്ന ഒരു കുടം വെള്ളം ചെളിയിലേക്കൊഴുക്കി.

****************

കുന്നുവഴി പള്ളിപ്പുറം കോട്ടേലി അയ്യപ്പന്റെ വീട്ടിലെത്തുമ്പോൾ കണ്ട കാഴ്ചകളും സമാനം. തേനൂർ മൂസയുടെയും സോഫിയയുടെയും വീട്ടിലെത്തുമ്പോഴും കാഴ്ചകൾക്ക് മാറ്റമൊന്നുമില്ല. ചാലക്കൽ ആർ.ജെ. ഫുഡ്സ് ഉടമ രാഹുലിന്റെ കടയിലെത്തുമ്പോഴും മുന്നിൽ നിറഞ്ഞത് ചെളിയുടെ കൂമ്പാരം തന്നെ. പ്രളയം പെയ്തൊഴിഞ്ഞ വഴികളിലെല്ലാം കാഴ്ചകൾ ഒന്നുതന്നെ...വീടായാലും കടയായായും പള്ളിയായാലും സ്കൂളായാലും ഒക്കെ ഒരേ കാഴ്ചകൾ തന്നെ. ചെളി പുരണ്ട ആ ജീവിതങ്ങൾ കഴുകിയെടുക്കാൻ അധ്വാനത്തിന്റെ വലിയ പുഴകൾ തന്നെ ഒഴുകിയെത്തേണ്ടിയിരിക്കുന്നു...ആ പുഴകൾ എത്തുമെന്ന പ്രതീക്ഷയിൽ അവരെല്ലാം ജോലി തുടരുകയാണ്...